# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1054

30.10.2019-ലെ മറുപടി

## അയ്യപ്പൻ കോവിൽ കുടിവെള്ള വിതരണ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | പീരുമേട് നിയോജക മണ്ഡലത്തിലെ അയ്യപ്പൻകോവിൽ കുടിവെള്ള വിതരണ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചത് എന്നാണ്; പദ്ധതിക്ക് സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ടോ; | (എ) | പീരുമേട് മണ്ഡലത്തിലെ അയ്യപ്പൻ കോവിൽ കുടിവെള്ള വിതരണ പദ്ധതിക്ക് സർക്കാർ ഉത്തവ് നമ്പർ GO(Rt)No.34/2018/WRD തീയതി 17/01/2018 പ്രകാരം 47.5 കോടി രൂപയുടെ തത്ത്വത്തിൽ ഭരണാനുമതി ലഭിച്ചു. WRD025-06-PA-01 തീയതി 13/11/2018 ഉത്തരവ് പ്രകാരം കിഫ്ബിയിൽ നിന്നും 46.424 കോടി രൂപയുടെ ധനസഹായത്തിന് അംഗീകാരം ലഭിച്ചു. ടി പദ്ധതിയ്ക്ക് നാളിതുവരെ സാങ്കേതികാനുമതി നല്കിയിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | പെരിയാർ സ്രോതസ്സായ പദ്ധതിയിൽ കട്ടപ്പന മുനിസിപ്പാലിറ്റി, അയ്യപ്പൻ കോവിൽ, കാഞ്ചിയാർ എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്ന പ്രദേശത്തെ ശുദ്ധജല ആവശ്യം കണക്കിലെടുത്താണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ടി പദ്ധതിയിൽ ഭൂതല ജലസംഭരണി, പമ്പിംഗ് മെയിൻ, റോ വാട്ടർ പമ്പ് സെറ്റുകൾ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, ഇലക്ട്രോ മെക്കാനിക്കൽ വർക്സ്, പവ്വർ ലൈൻ എക്സ്റ്റെൻഷൻ, ഗ്രാവിറ്റി മെയിൻ, ഡിസ്ട്രിബ്യൂഷൻ മെയിൻ, ട്രാൻസ്ഫോർമർ, ചെക്ക് ഡാം എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. പദ്ധതി അഞ്ച് പാക്കേജുകളിലായി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഒന്നും രണ്ടും, നാലും അഞ്ചും പാക്കേജുകൾക്ക് സാങ്കേതികാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മൂന്നാം പാക്കേജിന്റെ ഡിസൈനിന് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. പദ്ധതിക്കാവശ്യമായ അളവിൽ ജല ലഭ്യത ഉറപ്പു വരുത്തുന്നതിനായി പെരിയാർ നദിയിൽ തോണി ത്തടി ഭാഗത്തുള്ള കിണറിനോടനുബന്ധിച്ച് നദിയിൽ തടയണ ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ രൂപകല്പനയും വിശദാംശങ്ങളും തയ്യാറാക്കി വരികയാണ്. കൂടാതെ പ്രധാന പൈപ്പ് ലൈനുകളുടെ സർവ്വേ പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കി വരുന്നു. ഈ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ 2020 സെപ്റ്റംബറിൽ ആരംഭിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ